പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**<u>ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി</u>**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1305

14.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. കെ.വി. വിജയദാസ് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ക്ഷീരകർഷകരെ തൊഴിലുറപ്പു പദ്ധതിയുമായി ബന്ധപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (എ) | നിലവിൽ ക്ഷീര കർഷക മേഖലയുമായി ബന്ധപ്പെട്ട് ക്ഷീര കർഷകർക്ക് സഹായകരമായ പ്രവൃത്തികളായ തൊഴുത്തിന്റെ ഈടുറ്റ തറ/പുൽത്തൊട്ടി/ഗോമൂത്ര സംഭരണി നിർമ്മാണം, കാലിത്തീറ്റയ്ക്കാവശ്യമായ അസോളയുടെ കൃഷി എന്നിവ പുതുതായി കേന്ദ്രസർക്കാർ അനുവദനീയമായ പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും, രണ്ട് പശു/എരുമ വളർത്തി ക്ഷീര സഹകരണ സംഘത്തിൽ പാൽ വിറ്റ് ഉപജീവനം കഴിക്കുന്ന ക്ഷീര കർഷകരുടെ ദൈനംദിന പ്രവൃത്തികൾ തൊഴിലുറപ്പു നിയമത്തിലെ പട്ടിക 1 ൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. അനുകൂല തീരുമാനം ലഭ്യമായിട്ടില്ല. |
| (ബി) | ക്ഷീരകർഷകരെ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും സങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സാങ്കേതിക തടസ്സം നിലനിൽക്കുന്നില്ല. |

| | | | |
|---|---|---|---|
| (സി) | ക്ഷീരകർഷകരെ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (സി) | നിലവിൽ ക്ഷീര കർഷക മേഖലയുമായി ബന്ധപ്പെട്ട് ക്ഷീരകർഷകർക്ക് സഹായകരമായ പ്രവൃത്തികളായ തൊഴുത്തിന്റെ ഈടുറ്റ തറ/പുൽത്തൊട്ടി/ഗോമൂത്ര സംഭരണി നിർമ്മാണം, കാലിത്തീറ്റയ്ക്കാവശ്യമായ അസോളയുടെ കൃഷി എന്നിവ പുതുതായി കേന്ദ്രസർക്കാർ അനുവദനീയമായ പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും, രണ്ട് പശു/എരുമ വളർത്തി ക്ഷീര സഹകരണ സംഘത്തിൽ പാൽ വിറ്റ് ഉപജീവനം കഴിക്കുന്ന ക്ഷീര കർഷകരുടെ ദൈനംദിന പ്രവൃത്തികൾ തൊഴിലുറപ്പു നിയമത്തിലെ പട്ടിക 1 ൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. അനുകൂല തീരുമാനം ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ